# കേരളസർവകലാശാല

നം.പി.ആർ.214/2022

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.സി.എ. (332) (2016 അഡ്മിഷൻ – സപ്ലിമെന്ററി, 2015 അഡ്മിഷൻ – മേഴ്സിചാൻസ്, 2015 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി 2022 ഒക്ടോബർ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2022 ഒക്ടോബർ 21 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (സി.ആർ.) ബി.എ., ബി.എസ്‌സി., ബി.കോം., ബി.ബി.എ., ബി.സി.എ., ജൂലൈ 2022 (മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ബി.ആർക്ക്. (2013 സ്കീം) വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ 17 മുതലും എട്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ 18 മുതലും ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ. (ഡാൻസ്) പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 21 മുതലും ബി.പി.എ. മ്യൂസിക് (മൃദംഗം) പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 25 മുതലും രാവിലെ 10 മണി മുതൽ തിരുവനന്തപുരം ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. (ഡാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 17 മുതൽ തിരുവനന്തപുരം ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (യു.സി.ഇ.കെ.) (2018 സ്കീം) ജൂലൈ 2022, ആറാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) ഡിസംബർ 2021, അഞ്ചാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) ഡിസംബർ 2021, എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യൂവേഷൻ സെക്ഷനിൽ ഇ.ജെ.VII (ഏഴ്) 2022 ഒക്ടോബർ 17 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ലീഡർഷിപ് ഡെവലപ്മെന്റ് പ്രോഗ്രാം - ഹ്രസ്വകാല കോഴ്സ്

കേരളസർവകലാശാലയിലെ യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിൽ 2022 നവംബർ 4 മുതൽ 10 വരെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കു വേണ്ടി നടത്തുന്ന ലീഡർഷിപ് ഡെവലപ്മെന്റ് പ്രോഗ്രാം ഹ്രസ്വകാല കോഴ്സിനു അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോറവും വിശദവിവരങ്ങളും **www.keralauniversity.ac.in/ugcasc** എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷകൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടു കൂടി **hrdcunike@yahoo.com** എന്ന ഇ-മെയിൽ ഐ.ഡി.യിൽ 2022 ഒക്ടോബർ 19 ന് മുൻപ് മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ അപേക്ഷകൾ ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം - 695581 എന്ന വിലാസത്തിൽ തപാൽ വഴിയും ഒക്ടോബർ 19 ന് മുൻപ് ലഭിക്കത്തക്കവണ്ണം അയക്കാവുന്നതാണ്.

## സോഷ്യൽ സയൻസസ് - റിഫ്രഷർ കോഴ്സ്

കേരളസർവകലാശാലയിലെ യു.ജി.സി., ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിൽ 2022 നവംബർ 16 മുതൽ 29 വരെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കു വേണ്ടി നടത്തുന്ന സോഷ്യൽ സയൻസസ് റിഫ്രഷർ കോഴ്സിനു അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും **www.keralauniversity.ac.in/ugcasc** എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷകൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്രതത്തോടു കൂടി **hrdcunike@yahoo.com** എന്ന എന്ന ഇ-മെയിൽ ഐ.ഡി.യിൽ ഒക്ടോബർ 22 ന് മുൻപ് മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ അപേക്ഷകൾ ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം - 695581 എന്ന വിലാസത്തിൽ തപാൽ വഴിയും ഒക്ടോബർ 22 ന് മുൻപ് കിട്ടത്തക്കവണ്ണം അയക്കാവുന്നതാണ്.

തിരുവനന്തപുരം,
12.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries**helpdesk@keralauniversity.ac.in,examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**